**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1233 — 11.02.2016-ൽ മറുപടിയ്ക്ക്

# വില്ലേജോഫീസുകളിലെ ഇ-ഓഫീസ് സംവിധാനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്,<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി,<br>ശ്രീ.ഡോമിനിക് പ്രസന്റേഷൻ,<br>ശ്രീ.ജോസഫ് വാഴയ്ക്കൻ. | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും-കയറും വകുപ്പ മന്ത്രി |
| (എ) വില്ലേജോഫീസുകളിലെ ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമോ; | (എ) നിലവിൽ വില്ലേജോഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ റവന്യൂ വകുപ്പിനു കീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറ്റിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) റവന്യൂ മാനുവൽ, സർവ്വേ, പ്രമാണപരിശോധന തുടങ്ങിയ വിഷയങ്ങളിൽ സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകുമോ ;<br><br>(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാംനടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) യും (സി) യും റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് &ഡിസാസ്റ്റർമാനേജ്മെന്റ് (ഐ.എൽ.ഡി.എം) എന്ന പേരിൽ ഒരു സ്ഥാപനം റവന്യൂ വകുപ്പിന് കീഴിൽ നിലവിലുണ്ട്. |

Sumitha

സെക്ഷൻ ഓഫീസർ